കോട്ടയം	–	38
ഇടുക്കി	–	9
എറണാകുളം	–	74
തൃശ്ശൂർ	–	62
പാലക്കാട്	–	60
മലപ്പുറം	–	47
കോഴിക്കോട്	–	71
വയനാട്	–	11
കണ്ണൂർ	–	31
കാസർഗോഡ്	–	18

(സി) റോഡപകടങ്ങൾ കുറയ്ക്കാൻ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ തീരുമാനിക്കുകയും ആ തീരുമാനങ്ങൾ അതാതു വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കിവരികയും ചെയ്യുന്നു. ട്രാഫിക് സിഗ്നൽ ലൈറ്റ് സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ആവശ്യമെന്നു തോന്നുന്ന റോഡുകളിൽ 'വൺവേ' സമ്പ്രദായം ഏർപ്പെടുത്തിയും ഗതാഗത നിയന്ത്രണത്തിന് ട്രാഫിക് പോലീസുകാരെ നിയോഗിച്ചും അവശ്യം വേണ്ട സ്ഥലങ്ങളിൽ ട്രാഫിക് ഐലന്റുകൾ സ്ഥാപിച്ചും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിച്ച് നിയമാനുസൃത നടപടികൾ സ്വീകരിച്ചും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി സ്പീഡ് റഡാർ, ബ്രീത്ത് അനലൈസർ എന്നീ ശാസ്ത്രീയ ഉപകരണങ്ങളും ഉപയോഗിച്ചുവരുന്നു. ഇതിനും പുറമെ വാഹനത്തിരക്കുള്ള കവലകളിലും മറ്റും ശാസ്ത്രീയമായി മീഡിയനുകൾ സ്ഥാപിച്ചും റിഫ്ളക്ടർ സ്ഥാപിച്ചും ആവശ്യമുള്ള സ്ഥലങ്ങളിൽ ബംബുകൾ നിർമ്മിച്ചും വളവുകളിൽ റോഡുകൾക്ക് വേണ്ടത്ര സൂപ്പർ എലിവേഷൻ കൊടുത്തും വാഹനാപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള മേഖലകളെ അപകടവിമുക്തമാക്കുന്നുണ്ട്.

78 (704) സംസ്ഥാനത്തെ ഗതാഗതക്കുരുക്ക്

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗതാഗതക്കുരുക്ക് ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പാക്കാനും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളാനും ട്രാഫിക് പോലീസിന് നിർദ്ദേശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണവും ഗതാഗതക്കുരുക്കും കണക്കിലെടുത്ത് കൂടുതൽ ട്രാഫിക് പോലീസിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന്റെ ഭാഗമായി വൺവേ റോഡുകൾ ഏർപ്പെടുത്തി ഗതാഗതക്കുരുക്ക് കൂടുതൽ ഉണ്ടാകുന്ന സ്ഥലങ്ങളിൽ വാക്കിടോക്കി സഹിതം കൂടുതൽ പോലീസുകാരേയും ട്രാഫിക് വാർഡൻമാരേയും ഡ്യൂട്ടിക്ക് നിയോഗിക്കുകയും ചെയ്തു വരുന്നുണ്ട്. നഗരങ്ങളിൽ വാഹനങ്ങൾ പാർക്ക്ചെയ്യുന്നതിനായി പ്രത്യേക സ്ഥലങ്ങളും സ്റ്റോപ്പുകളും നിശ്ചയിക്കുക, ബസ്സുകൾ പാർക്കുചെയ്യുന്നതിനായി ബസ്ബേകൾ നിർമ്മിക്കുക, റോഡരുകിൽ അനധികൃതമായ പാർക്കിംഗ് ഒഴിവാക്കുക, റോഡരുകിൽ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നത് ഒഴിവാക്കുക, കെട്ടിടനിർമ്മാണ സാമഗ്രികൾ റോഡിന്റെ വശങ്ങളിൽ ഇട്ട് ഗതാഗത തടസ്സം ഉണ്ടാക്കുന്നത് തടയുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

നഗരങ്ങളിൽ പകൽ സമയത്ത് ഗതാഗത തിരക്കനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ചരക്കുവാഹനങ്ങൾ ഗതി തിരിച്ചുവിട്ടും ഗതാഗതം സുഗമമാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ റോഡുകളിൽ വാഹനങ്ങളുടെ സുഗമമായ നീക്കത്തിനുവേണ്ടി റോഡുകളിൽ മാർക്കിംഗുകളും കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിനുവേണ്ടി സീബ്രാലയിൻ മാർക്കിംഗ് എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്.

(സി)&(ഡി) ട്രാഫിക് സുരക്ഷയെക്കുറിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി കാലാകാലങ്ങളിൽ യോഗം ചേർന്ന് വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കേണ്ട നടപടികൾ തീരുമാനിക്കുകയും ആ തീരുമാനങ്ങൾ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കിവരികയും ചെയ്യുന്നു. സംസ്ഥാനത്ത് ട്രാഫിക് പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് മേൽനോട്ടം വഹിക്കുന്നതിന് ഒരു പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ (എ.പി. ബറ്റാലിയൻ ആന്റ് ട്രാഫിക്) തസ്തിക സൃഷ്ടിക്കുന്നുണ്ട്. ട്രാഫിക് നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനുവേണ്ടി സിവിൽ വേഷധാരികളായ പോലീസ് ഉദ്യോഗസ്ഥരേയും നിയോഗിക്കുന്നുണ്ട്. ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരിൽ ഗുരുതരമായ കുറ്റങ്ങൾ ചെയ്യുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് ആർ.ടി.ഒ.യുമായി ബന്ധപ്പെട്ട് ക്യാൻസൽ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ ജില്ലാ പോലീസ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളിൽ ഓടിക്കുവാൻ സാങ്കേതികമായി അനുയോജ്യമല്ലാത്ത വാഹനങ്ങൾക്കെതിരെ എം.വി. ആക്ടിലെ റൂൾ 104 പ്രകാരം നടപടി എടുക്കുവാൻ ഡിവൈ.എസ്.പി. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ വേഗതാപരിധി പാലിക്കാത്തവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സ്പീഡ് റഡാർ മുതലായ ശാസ്ത്രീയ ഉപകരണങ്ങൾ ഉപയോഗിച്ചു വരുന്നു.

സംസ്ഥാനത്ത് ട്രാഫിക് സംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി 3 സിറ്റികളിലേയും ട്രാഫിക് സ്റ്റേഷനിലെ അംഗസംഖ്യ വർദ്ധിപ്പിക്കു

LIBRARY ARCHIVES Kerala Legislative Assembly

വാനും കൂടാതെ എല്ലാ ജില്ലകളിലും ട്രാഫിക് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

79 (705) ഭക്ഷ്യസാധനങ്ങൾ സൂക്ഷിക്കാൻ സൗകര്യം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള മതിയായ സൗകര്യം ഇന്ന് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഇപ്പോൾ എഫ്.സി.ഐ.യുടെ ഗോഡൗണുകൾക്ക് പുറത്ത് സൂക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എത്രത്തോളം ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുവാനുള്ള സൗകര്യം ഇപ്പോൾ സംസ്ഥാനത്ത് ഉണ്ട്; എത്രത്തോളം ഭക്ഷ്യവസ്തുക്കൾ പുറത്ത് സൂക്ഷിക്കുന്നു എന്നിവ സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മതിയായ ഗോഡൗൺ സൗകര്യം ലഭ്യമാക്കിക്കിട്ടുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത്, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയുടെ ഗോഡൗണുകളിലായി മൊത്തം 933946 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്.

(ബി) ഈ വർഷത്തെ ഗോതമ്പ് വിളവെടുപ്പ് ഉയർന്ന സാഹചര്യത്തിൽ കൂടുതലായി സ്റ്റോക്ക് വരുമ്പോൾ സംഭരണശേഷി കുറവായ ചില ഗോഡൗണുകളിൽ ഗോതമ്പ് പോളിത്തീൻ ഷീറ്റുകൾ കൊണ്ട് മൂടി പുറത്ത് സൂക്ഷിക്കേണ്ടതായി വന്നിട്ടുണ്ട്.

(സി) 933946 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനുള്ള സൗകര്യം സംസ്ഥാനത്തുള്ളതിനാൽ വളരെ തുച്ഛമായ അളവിൽ മാത്രമാണ് ഗോതമ്പ് പുറത്ത് സൂക്ഷിക്കുന്നത്. ഇവ ആവശ്യാനുസരണം എത്രയും പെട്ടെന്ന് മാറ്റിക്കൊണ്ടിരിക്കുന്നതിനാൽ അവയുടെ അളവ് തിട്ടപ്പെടുത്തുവാൻ കഴിയില്ല.

(ഡി) സംസ്ഥാനത്ത് പല സ്ഥലങ്ങളിലായി എഫ്.സി.ഐ., സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly